എ) 3-10222/2013

**പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ്**
**ഇടുക്കി-തൊടുപുഴ**
**തീയതി 23/11/2018**

**നോട്ടീസ്.**

**വിഷയം - പഞ്ചായത്ത് വകുപ്പ്- ജീവനക്കാര്യം-ഇടുക്കി ജില്ല- പാർട്ട് ടൈം കണ്ടിൻജന്റ് തസ്തികയിൽ നിന്നും ഫുൾ ടൈം കണ്ടിൻജന്റ് തസ്തികയിലേക്കുള്ള താൽകാലിക സ്ഥാനക്കയറ്റം- അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച്**

പഞ്ചായത്ത് വകുപ്പിൽ ഇടുക്കി ജില്ലയിൽ നിലവിലുള്ള ഫുൾ ടൈം സ്വീപ്പർ മാരുടെ ഒഴിവുകളിലേക്ക്, 56 വയസ് പൂർത്തിയായിട്ടില്ലാത്തതും ഇതിനോടകം സ്ഥാനക്കയറ്റം പരിത്യജിച്ചിട്ടില്ലാത്തതും പാർട്ട് ടൈം തസ്തികയിൽ നിയമനം ക്രമവൽക്കരിക്കപ്പെട്ടവരും പാർട്ട് ടൈം തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുള്ളവരുമായ പാർട്ട് ടൈം കണ്ടിൻജന്റ് സർവ്വീസിൽ ഉൾപ്പെട്ട ജീവനക്കാർക്ക് അപേക്ഷിക്കാവുന്നതാണ്.

ഓഫീസ് മേധാവി മുഖേനയാണ് അപേക്ഷിക്കേണ്ടത്.

അപേക്ഷകരുടെ സേവനപുസ്തകത്തിന്റെ പേര്, ജനനതീയതി, ആദ്യ നിയമനം, പാർട്ട് ടൈം തസ്തികയിലെ ക്രമവൽക്കരണം, പാർട്ട് ടൈം തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്തത് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയ പേജുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതാണ്.

അപേക്ഷകർ ഈ ഓഫീസിൽ നിന്ന് 31/03/2018 വരെ പ്രസിദ്ധികരിച്ചിട്ടുള്ള മുൻഗണനാപട്ടികയിൽ പേര് ഉൾപ്പെട്ടവരായിരിക്കണം

ആവശ്യമായ രേഖകൾ ഉൾപെടുത്തിയ അപേക്ഷകൾ ഈ ഓഫീസിൽ 07/12/2018 നകം ലഭിക്കേണ്ടതാണ്. ടി തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ നിലവിലെ നിയമനപ്രക്രിയയിലേക്ക് പരിഗണിക്കുന്നതല്ല.

ഓഫീസ് മേധാവികൾ മേൽ വിവരങ്ങൾ ബന്ധപ്പെട്ട ജീവനക്കാരുടെ ശ്രദ്ധയിൽ പെടുത്തേണ്ടതും ഓഫീസ് നോട്ടീസ് ബോർഡിൽ പതിപ്പിക്കേണ്ടതും യഥാവിധി തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഒപ്പ്)
സാമുവൽ എസ് തോമസ്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി

അയക്കുന്നത്

1. എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും, ഇടുക്കി ജില്ല
2. സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, ഇടുക്കി
3. എല്ലാ പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർക്കും, ഇടുക്കി ജില്ല.
4. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, ഇടുക്കി
5. ഓഫീസ് നോട്ടീസ് ബോർഡ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ്, ഇടുക്കി
6 എക്സിക്യൂട്ടിവ് ഡയറക്ടർ, ഐകെഎം, തിരുവനന്തപുരം
7. ജില്ലാ ടെക്നിക്കൽ ഓഫീസർ,ഐ കെ എം, ഇടുക്കി (വെബ്ബ് സൈറ്റിൽ പ്രസിദ്ധികരണത്തിനായി)
8 കരുതൽ / അധികം